**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3550** **27-06-2024 - ൽ മറുപടിയ്ക്ക്**

**കരിമ്പ് കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ പ്രദേശങ്ങളിലായി മറയൂർ ശർക്കര ഉല്പാദിപ്പിക്കുന്ന ആയിരത്തോളം കരിമ്പ് കർഷകർ ശർക്കരയുടെ വിലയിടിവ് മൂലം കടുത്ത പ്രതിസന്ധിയിലാണ് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വന്യജീവി ആക്രമണം, ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം, ജല ക്ഷാമം, കരിമ്പ് സംസ്കരണയൂണിറ്റുകളുടെ ലഭ്യത കുറവ്, തൊഴിലാളികളുടെ ലഭ്യതകുറവ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ ഈ മേഖലയിൽ അസ്ഥിരത സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികൾ പരിഹരിക്കുവാൻ താഴെ പറയുന്ന നടപടികൾ കൈകൊണ്ടിട്ടുണ്ട്.<br><br>**1. വന്യജീവി ആക്രമണം**<br><br>കാട്ടുപന്നി,കാട്ടാന എന്നിവയുടെ ശല്യം കുറയ്ക്കുന്നതിനായി വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ നബാർഡിന്റെ സഹായത്തോടെ 35കിലോമീറ്റര് പവർ ഹാങ്ങിങ് ഫെൻസിങ് ചെയ്യുന്നതിനായി വനം വകുപ്പ് 2.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**2. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം**<br><br>നിലവിൽ കൃഷി ചെയ്തുവരുന്ന CO-86032 എന്ന ഇനത്തോടൊപ്പം പുതിയ ഇനങ്ങളുടെ സാധ്യത തിരിച്ചറിയുവാൻ കാർഷിക ഗവേഷണകേന്ദ്രം, തിരുവല്ല യുടെ പഠനം പുരോഗമിക്കുന്നുണ്ട്. നൂതന കൃഷി രീതിയായ എസ്.എസ്.ഐ(Sustainable Sugarcane Initiative) കർഷകർക്ക് പരിചയപെടുത്തുവാൻ ആത്മ സ്കീം വഴി പ്രദർശന തോട്ടങ്ങൾ മാതൃക കർഷകർ മുഖേന ചെയ്തു വരുന്നു, പുതിയ നടീൽ വസ്തുക്കൾ നൽകാനുമുള്ള മാർഗങ്ങൾ സ്വീകരിച്ചു വരുന്നു. കൂടാതെ മറയൂർ കാന്തല്ലൂർ മേഖലകളിൽ ഗുണനിലവാരമുള്ള തൈകൾ ഉണ്ടാക്കാൻ നേഴ്സറി നിർമ്മാണ മാർഗങ്ങൾ സ്വീകരിക്കാനുള്ള പരിശീലനം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | **3. കാലാവസ്ഥാ വ്യതിയാനം**<br><br>മണ്ണിന്റെ PH പൊതുവേ ഈ മേഖലകളിൽ കുറവുള്ളതായി കാണപ്പെടുന്നു.മൂലകങ്ങളുടെ അഭാവം, PH ക്രമീകരണം എന്നിവയിൽ കർഷകർക്ക് അവബോധം ഉണ്ടാക്കുവാൻ മണ്ണ് പരിശോധന ക്യാമ്പയിനുകൾ നടത്തിവരുന്നു.<br><br>**4. തൊഴിലാളികളുടെ ലഭ്യതകുറവ്**<br><br>തൊഴിലാളി ക്ഷാമം കുറയ്ക്കുന്നതിനായി കർഷക ഗ്രൂപ്പുകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ സേവനം കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | രണ്ടായിരത്തി അഞ്ഞൂറ് ഏക്കർ ഉണ്ടായിരുന്ന കരിമ്പ് കൃഷി ഇപ്പോൾ അഞ്ഞൂറ് ഏക്കർ മാത്രമായി ചുരുങ്ങിയതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ'; | (ബി) | വന്യജീവി ആക്രമണം, ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം, ജല ക്ഷാമം, കരിമ്പ് സംസ്കരണയൂണിറ്റുകളുടെ ലഭ്യത കുറവ്, തൊഴിലാളികളുടെ ലഭ്യതകുറവ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ ഈ മേഖലയിൽ അസ്ഥിരത സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികൾ പരിഹരിക്കുവാൻ താഴെ പറയുന്ന നടപടികൾ കൈകൊണ്ടിട്ടുണ്ട്.<br><br>**1. വന്യജീവി ആക്രമണം**<br><br>കാട്ടുപന്നി,കാട്ടാന എന്നിവയുടെ ശല്യം കുറയ്ക്കുന്നതിനായി വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ നബാർഡിന്റെ സഹായത്തോടെ 35കിലോമീറ്റർ പവർ ഹാങ്ങിങ് ഫെൻസിങ് ചെയ്യുന്നതിനായി വനം വകുപ്പ് 2.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**2. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം**<br><br>നിലവിൽ കൃഷി ചെയ്തുവരുന്ന CO-86032 എന്ന ഇനത്തോടൊപ്പം പുതിയ ഇനങ്ങളുടെ സാധ്യത തിരിച്ചറിയുവാൻ കാർഷിക ഗവേഷണകേന്ദ്രം, തിരുവല്ല യുടെ പഠനം പുരോഗമിക്കുന്നുണ്ട്. നൂതന കൃഷി രീതിയായ എസ്.എസ്.ഐ(Sustainable Sugarcane Initiative) കർഷകർക്ക് പരിചയപെടുത്തുവാൻ ആത്മ സ്കീം വഴി പ്രദർശന തോട്ടങ്ങൾ മാതൃക കർഷകർ മുഖേന ചെയ്തു വരുന്നു, പുതിയ നടീൽ വസ്തുക്കൾ നൽകാനുമുള്ള മാർഗങ്ങൾ സ്വീകരിച്ചു വരുന്നു. കൂടാതെ മറയൂർ കാന്തല്ലൂർ മേഖലകളിൽ ഗുണനിലവാരമുള്ള തൈകൾ ഉണ്ടാക്കാൻ നേഴ്സറി നിർമ്മാണ മാർഗങ്ങൾ സ്വീകരിക്കാനുള്ള പരിശീലനം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | **3. കാലാവസ്ഥാ വ്യതിയാനം**<br><br>മണ്ണിന്റെ PH പൊതുവേ ഈ മേഖലകളിൽ കുറവുള്ളതായി കാണപ്പെടുന്നു.മൂലകങ്ങളുടെ അഭാവം, PH ക്രമീകരണം എന്നിവയിൽ കർഷകർക്ക് അവബോധം ഉണ്ടാക്കുവാൻ മണ്ണ് പരിശോധന ക്യാമ്പയിനുകൾ നടത്തിവരുന്നു.<br><br>**4. തൊഴിലാളികളുടെ ലഭ്യതകുറവ്**<br><br>തൊഴിലാളി ക്ഷാമം കുറയ്ക്കുന്നതിനായി കർഷക ഗ്രൂപ്പുകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ സേവനം കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | കരിമ്പ് കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സഹായം ലഭ്യമാക്കുമോ; വിശദമാക്കാമോ? | (സി) | വന്യജീവി ആക്രമണം, ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം, ജല ക്ഷാമം, കരിമ്പ് സംസ്കരണയൂണിറ്റുകളുടെ ലഭ്യത കുറവ്, തൊഴിലാളികളുടെ ലഭ്യതകുറവ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയവ ഈ മേഖലയിൽ അസ്ഥിരത സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധികൾ പരിഹരിക്കുവാൻ താഴെ പറയുന്ന നടപടികൾ കൈകൊണ്ടിട്ടുണ്ട്.<br><br>**1. വന്യജീവി ആക്രമണം**<br><br>കാട്ടുപന്നി,കാട്ടാന എന്നിവയുടെ ശല്യം കുറയ്ക്കുന്നതിനായി വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ നബാർഡിന്റെ സഹായത്തോടെ 35കിലോമീറ്റർ പവർ ഹാങ്ങിങ് ഫെൻസിങ് ചെയ്യുന്നതിനായി വനം വകുപ്പ് 2.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**2. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കളുടെ അഭാവം**<br><br>നിലവിൽ കൃഷി ചെയ്തുവരുന്ന CO-86032 എന്ന ഇനത്തോടൊപ്പം പുതിയ ഇനങ്ങളുടെ സാധ്യത തിരിച്ചറിയുവാൻ കാർഷിക ഗവേഷണകേന്ദ്രം, തിരുവല്ല യുടെ പഠനം പുരോഗമിക്കുന്നുണ്ട്. നൂതന കൃഷി രീതിയായ എസ്.എസ്.ഐ(Sustainable Sugarcane Initiative) കർഷകർക്ക് പരിചയപെടുത്തുവാൻ ആത്മ സ്കീം വഴി പ്രദർശന തോട്ടങ്ങൾ മാതൃക കർഷകർ മുഖേന ചെയ്തു വരുന്നു, പുതിയ നടീൽ വസ്തുക്കൾ നൽകാനുമുള്ള മാർഗങ്ങൾ സ്വീകരിച്ചു വരുന്നു. കൂടാതെ മറയൂർ കാന്തല്ലൂർ മേഖലകളിൽ ഗുണനിലവാരമുള്ള തൈകൾ ഉണ്ടാക്കാൻ നേഴ്സറി നിർമ്മാണ മാർഗങ്ങൾ സ്വീകരിക്കാനുള്ള പരിശീലനം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**3. കാലാവസ്ഥാ വ്യതിയാനം** |

| | | | |
|---|---|---|---|
| | | | മണ്ണിന്റെ PH പൊതുവേ ഈ മേഖലകളിൽ കുറവുള്ളതായി കാണപ്പെടുന്നു.മൂലകങ്ങളുടെ അഭാവം, PH ക്രമീകരണം എന്നിവയിൽ കർഷകർക്ക് അവബോധം ഉണ്ടാക്കുവാൻ മണ്ണ് പരിശോധന ക്യാമ്പയിനുകൾ നടത്തിവരുന്നു.<br><br>**4. തൊഴിലാളികളുടെ ലഭ്യതകുറവ്**<br><br>തൊഴിലാളി ക്ഷാമം കുറയ്ക്കുന്നതിനായി കർഷക ഗ്രൂപ്പുകൾ, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ സേവനം കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ